**മധുരമായ കുട്ടികളേ – നിങ്ങൾ ശ്രീമതപ്രകാരം എല്ലാവർക്കും സുഖം നൽകണം, ശ്രേഷ്ഠമായി മാറി മറ്റുള്ളവരെയും ശ്രേഷ്ഠമാക്കുന്നതിനുവേണ്ടി നിങ്ങൾക്ക് ശ്രേഷ്ഠമായ മതം ലഭിക്കുന്നു.**

**ചോദ്യം –** ദയാമനസ്കരായ കുട്ടികളുടെ ഹൃദയത്തിൽ ഏതൊരു താൽപര്യമാണുണ്ടാവുക, അവർ എന്തു ചെയ്യണം?
**ഉത്തരം –** ഞങ്ങൾ ഗ്രാമ-ഗ്രാമങ്ങളിൽ പോയി സേവനം ചെയ്യുമെന്നാണ് ദയാമനസ്കരായ കുട്ടികളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കുക. ഇന്നത്തെക്കാലത്ത് പാവങ്ങൾ വളരെയധികം ദുഖിതരാണ്, അവർക്ക് പോയി ഈ സന്തോഷ വാർത്തകൾ കേൾപ്പിച്ചു കൊടുക്കൂ, ഞങ്ങൾ വിശ്വത്തിൽ പവിത്രത, സുഖം, ശാന്തിയുള്ള ദൈവീക സ്വരാജ്യമാണ് സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്, ഇത് അതേ മഹാഭാരത യുദ്ധമാണ്, ആ സമയത്ത് ബാബയും ഉണ്ടായിരുന്നു, ഇപ്പോഴും ബാബ വന്നിരിക്കുകയാണ്.

**ഓം ശാന്തി**. മധുര-മധുരമായ കുട്ടികൾ ഇവിടെ വന്നിരിക്കുമ്പോൾ നമ്മൾ ഈശ്വരീയ സന്താനമാണെന്ന് തീർച്ചയായും മനസ്സിലാക്കുന്നു.തീർച്ചയായും നിങ്ങൾ സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കണം. ശരീരമുള്ളതുകൊണ്ടാണ് ആത്മാവ് ഇതിലൂടെ കേൾക്കുന്നത്. ബാബ ഈ ശരീരം ലോണായി എടുത്തതുകൊണ്ടാണ് ഇതിലൂടെ കേൾപ്പിക്കുന്നത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു, നമ്മൾ ഈശ്വരീയ സന്താനങ്ങളാണ് അഥവാ ഈശ്വരീയ സമ്പ്രദായത്തിലുള്ളവരാണ് പിന്നീട് നമ്മൾ ദൈവീക സമ്പ്രദായത്തിലേക്ക് പോകുന്നു. ദേവതകൾ തന്നെയാണ് സ്വർഗ്ഗത്തിന്റെ അധികാരികളാകുന്നത്. നമ്മൾ വീണ്ടും 5000 വർഷങ്ങൾക്കു മുമ്പത്തേതുപോലെ ദൈവീക സ്വരാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ വീണ്ടും ദേവതയായി മാറുന്നു. ഈ സമയം മുഴുവൻ ലോകവും, പ്രത്യേകിച്ചും ഭാരതത്തിൽ എല്ലാ മനുഷ്യരും പരസ്പരം ദുഖം തന്നെയാണ് നൽകുന്നത്. അവർക്ക് ഇതിനെക്കുറിച്ച് അറിയില്ല ഭാരതം പണ്ട് സുഖധാമമായിരുന്നു. പരംപിതാ പരമാത്മാവുതന്നെയാണ് വന്ന് എല്ലാവരെയും സുഖികളും ശാന്തരുമാക്കി മാറ്റുന്നത്. ഇവിടെയാണെങ്കിൽ ഓരോ വീട്ടിലും പരസ്പരം ദുഖമാണ് നൽകുന്നത്. മുഴുവൻ വിശ്വത്തിലും ദുഖം തന്നെ ദുഖമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, ബാബ നമ്മെ 21 ജന്മത്തേക്ക് സദാ സുഖിയാക്കി മാറ്റുന്നു. എപ്പോഴാണ് ദു:ഖമാരംഭിക്കുന്നത് പിന്നീട് എപ്പോഴാണ് പൂർത്തിയാകുന്നത് ഇതൊന്നും ആരുടേയും ബുദ്ധിയിലേക്ക് വരില്ല.നമ്മൾ ഈശ്വരീയ സമ്പ്രദായത്തിലുള്ളവരാണ്, വാസ്തവത്തിൽ മുഴുവൻ ലോകത്തിലുള്ള മനുഷ്യരും ഈശ്വരീയ സമ്പ്രദായത്തിലേതാണ് എന്നതെല്ലാം നിങ്ങളുടെ ബുദ്ധിയിലാണ് ഉള്ളത്. ഓരോരുത്തരും ഭഗവാനെത്തന്നെയാണ് പിതാവേ.... എന്നു പറഞ്ഞു വിളിക്കുന്നത്. ഇപ്പോൾ കുട്ടികൾക്കറിയാം, ശിവബാബ നമുക്ക് ശ്രീമതം നൽകുകയാണ്. ശ്രീമതം പ്രസിദ്ധമാണ്. ഉയർന്നതിലും ഉയർന്ന ഭഗവാന്റെ ഉയർന്നതിലും ഉയർന്ന മതമാണ്. ഭഗവാന്റെ ഗതിയും മതവും വേറെയാണ് എന്നുള്ള മഹിമയുണ്ട്. ശിവബാബയുടെ ശ്രീമതം നമ്മെ എന്തിൽ നിന്നും എന്താക്കിയാണ് മാറ്റുന്നത്! സ്വർഗ്ഗത്തിന്റെ അധികാരികൾ. മറ്റെല്ലാ മനുഷ്യരും നരകത്തിന്റെ അധികാരികളാണ്. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. ഇതിൽ നിശ്ചയമുണ്ടല്ലോ. നിശ്ചയബുദ്ധികൾക്കേ ഇങ്ങോട്ട് വരാൻ കഴിയൂ, അവരേ മനസ്സിലാക്കൂ. ബാബ നമ്മെ വീണ്ടും സുഖധാമത്തിന്റെ അധികാരികളാക്കി മാറ്റുകയാണ്. നമ്മൾ തന്നെയാണ് 100 ശതമാനം പവിത്ര ഗൃഹസ്ഥ മാർഗ്ഗത്തിലുള്ളവരായിരുന്നത്. ഇപ്പോൾ സ്മൃതി ഉണർന്നു. 84 ജന്മങ്ങളുടെ കണക്കുണ്ട്. ആരെല്ലാം എത്ര ജന്മങ്ങളാണ് എടുക്കുന്നതെന്ന് അറിയാം. ഏതെല്ലാം ധർമ്മങ്ങളാണോ പിന്നീട് വരുന്നത് അവർക്ക് ജന്മങ്ങളും കുറവായിരിക്കും.

നിങ്ങൾ കുട്ടികൾ ഇപ്പോൾ നിശ്ചയം വെക്കണം, നമ്മൾ ഈശ്വരീയ സന്താനങ്ങളാണ്. എല്ലാവരെയും ശ്രേഷ്ഠമാക്കി മാറ്റുന്നതിനു വേണ്ടി ബാബ ശ്രേഷ്ഠ മതം നൽകിയിരിക്കുകയാണ്. നമ്മുടെ അതേ ബാബ തന്നെയാണ് നമുക്ക് രാജയോഗം പഠിപ്പിച്ചു തരുന്നത്. മനുഷ്യർ മനസ്സിലാക്കുന്നു വേദശാസ്ത്രങ്ങളെല്ലാം ഭഗവാനെ കാണുന്നതിനുള്ള വഴികളാണ്. ഭഗവാൻ പറയുന്നു, ഇതിലൂടെയൊന്നും ആർക്കും എന്നെ കിട്ടില്ല. ഞാൻ തന്നെ സ്വയം വന്ന് പറഞ്ഞു തരണം. അപ്പോഴാണ് എന്റെ ജയന്തി ആഘോഷിക്കുന്നത്, പക്ഷേ എപ്പോൾ ആരുടെ ശരീരത്തിലേക്ക് വരുന്നു എന്ന് ആർക്കും അറിയില്ല. നിങ്ങൾ ബ്രാഹ്മണർക്കേ അറിയൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾ എല്ലാവർക്കും സുഖം നൽകണം. വികാരത്തിലേക്ക് പോകുന്നത് ദു:ഖം നൽകുന്നതാണ് എന്ന് മറ്റുള്ളവർ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾക്കറിയാം, ഇതിലൂടെ വളരെയധികം ദുഖം ലഭിക്കുന്നു. പവിത്രമായിരുന്ന കുമാരിയെ അപവിത്രമാക്കി മാറ്റുന്നു. നരകവാസിയായി മാറുന്നതിനു വേണ്ടി എത്ര ചടങ്ങുകളാണ് നടത്തുന്നത്. ഇവിടെ ഇതുപോലുള്ള പ്രശ്നങ്ങളുടെ

കാര്യമൊന്നുമില്ല. നിങ്ങൾ വളരെ ശാന്തമായി ഇരിക്കുന്നു. എല്ലാവരും സന്തോഷിക്കുന്നു, മുഴുവൻ വിശ്വത്തെയും സദാ സുഖിയാക്കി മാറ്റുന്നു. നിങ്ങൾക്ക് അംഗീകാരം ലഭിക്കുന്നത് ശിവശക്തികളുടെ രൂപത്തിലാണ്. നിങ്ങൾക്കു മുന്നിൽ ലക്ഷ്മീ നാരായണനു പോലും അംഗീകാരമില്ല. ശിവശക്തികളുടെ പേരാണ് പ്രശസ്തം കാരണം എങ്ങനേയാണോ ബാബ സേവനം ചെയ്ത്, എല്ലാവരേയും പവിത്രമാക്കി സദാ സുഖിയാക്കി മാറ്റിയത് അതുപോലെ നിങ്ങളും ബാബയുടെ സഹയോഗികളാണ്, അതുകൊണ്ടാണ് നിങ്ങൾ ശക്തികൾ ഭാരതമാതാക്കളുടെ മഹിമയുള്ളത്. ഈ ലക്ഷ്മീ നാരായണന്മാർ, രാജാവ്-റാണി, പ്രജകൾ എല്ലാവരും സ്വർഗ്ഗവാസികളാണ് പക്ഷെ ഇതൊന്നും വലിയ കാര്യമല്ല. എങ്ങനേയാണോ അവിടെയുള്ള രാജാക്കൻമാരും-റാണിമാരും സ്വർഗ്ഗവാസികൾ അതുപോലെ ഇവിടെയുള്ള രാജാക്കൻമാരും-റാണിമാരും നരകവാസികളാണ്. ഇങ്ങനെയുള്ള നരകവാസികളെ നിങ്ങളാണ് സ്വർഗ്ഗ വാസികളാക്കി മാറ്റുന്നത്. മനുഷ്യർക്ക് ഇതിനെക്കുറിച്ചൊന്നും അറിയില്ല തീർത്തും തുച്ഛബുദ്ധികളാണ്. എന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എത്ര യുദ്ധങ്ങൾ മുതലായവയാണ്? ഓരോ കാര്യത്തിലും ദു:ഖം തന്നെ ദു:ഖമാണ്. സത്യയുഗത്തിൽ ഓരോ സാഹചര്യത്തിലും സുഖമാണ്. ഇപ്പോൾ എല്ലാവർക്കും സുഖം നൽകുന്നതിനായിത്തന്നെയാണ് ബാബ ശ്രേഷ്ഠമതം നൽകുന്നത്. മഹിമയുമുണ്ട് ശ്രീമദ് ഭഗവാനുവാച. ശ്രീമതം മനുഷ്യൻ ഉച്ചരിച്ചതല്ല. സത്യയുഗത്തിൽ ദേവതകൾക്ക് മതം നൽകേണ്ടതായ ആവശ്യമില്ല. ഇവിടെ നിങ്ങൾക്കാണ് ശ്രീമതം ലഭിക്കുന്നത്. ബാബയോടൊപ്പമുള്ള നിങ്ങളുടെ മഹിമയാണ് ശിവശക്തികൾ. ഇപ്പോൾ നിങ്ങൾ വീണ്ടും ആ പാർട്ട് പ്രാവർത്തികമായി അഭിനയിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾ കുട്ടികൾ മനസ്സാ- വാചാ- കർമ്മണാ എല്ലാവർക്കും സുഖം നൽകണം. എല്ലാവർക്കും സുഖധാമത്തിലേക്കുള്ള വഴി പറഞ്ഞുകൊടുക്കണം. നിങ്ങളുടെ ജോലി തന്നെ ഇതാണ്. പുരുഷന്മാർക്ക് ശരീരനിർവ്വഹണാർത്ഥം ജോലികളും ചെയ്യണം. ദേവതകൾ വൈകുന്നേര സമയത്ത് പരിക്രമണത്തിനായി ഇറങ്ങും എന്ന് പറയാറുണ്ട്, എന്നാൽ ഇപ്പോൾ ദേവതകൾ എവിടെ നിന്നും വരാനാണ്. പക്ഷേ സന്ധ്യാസമയത്തെ ശുദ്ധമായ വേളയെന്ന് പറയുന്നു. ഈ സമയത്ത് എല്ലാവർക്കും അവസരം ലഭിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് നടക്കുമ്പോഴും, കറങ്ങുമ്പോഴും, ഇരിക്കുമ്പോഴും, എഴുന്നേൽക്കുമ്പോഴും ബാബയെ ഓർമ്മിക്കണം. മറ്റൊരു ദേഹധാരികളുടേയും സേവനം ചെയ്യരുത്. ദ്രൗപദിയുടെ കാൽ തടവിക്കൊടുത്തു എന്നത് ഭഗവാന്റെ തന്നെ മഹിമയാണ്. പക്ഷെ ഇതിന്റെ അർത്ഥം ആർക്കും അറിയില്ല. സ്ഥൂലമായ രീതിയിൽ കാൽ തടവുന്ന കാര്യമില്ല. ബാബയുടെ അടുത്ത് ധാരാളം വൃദ്ധരായ മാതാക്കൾ വരുന്നുണ്ട്, അറിയാം ഭക്തി ചെയ്ത് ചെയ്ത് ക്ഷീണിച്ചു പോയി. അരക്കൽപ്പം വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചതല്ലേ. കാൽ തടവുക എന്ന അക്ഷരം എടുത്തു മാറ്റി. കൃഷ്ണൻ കാൽ എങ്ങനെ തടവും? ഇത് ശോഭനീയമാകുമോ? നിങ്ങൾ തന്റെ കാൽ തടവാൻ കൃഷ്ണനെ അനുവദിക്കുമോ? കൃഷ്ണനെ കാണുമ്പോൾ തന്നെ ഓടിയെത്തും, കൃഷ്ണനിൽ വളരെയധികം ശോഭയുണ്ടായിരിക്കും. കൃഷ്ണനല്ലാതെ മറ്റൊരു കാര്യവും ബുദ്ധിയിലിരിക്കില്ല. വളരെ തേജോമയ രൂപമായിരിക്കും. ചെറിയ കുട്ടിയായ കൃഷ്ണൻ ഓടക്കുഴൽ വായിക്കുക, ഇത് പ്രസക്തമായ കാര്യമല്ല. ഇവിടെ നിങ്ങൾ എങ്ങനെയാണ് ശിവബാബയുമായി മിലനം ചെയ്യുന്നത്? ശിവബാബയെ ഓർമ്മിച്ച് പിന്നീട് ഇങ്ങോട്ട് വരണമെന്ന് നിങ്ങൾക്ക് മറ്റുള്ളവരോട് പറയേണ്ടതായി വരുന്നു. നിങ്ങൾ കുട്ടികളുടെ ഉള്ളിൽ ഇത്രയും സന്തോഷം ഉണ്ടായിരിക്കണം, ശിവബാബ നമ്മെ 21 ജന്മത്തേക്ക് സുഖികളാക്കി മാറ്റുന്നു. ഇങ്ങനെയുള്ള അച്ഛന്റെ മുന്നിൽ സമർപ്പണമാകണം. സത്പുത്രന്മാരുടെ മുന്നിൽ അച്ഛൻ സമർപ്പണമാകും. അവർ അച്ഛന്റെ ഓരോ കാമനകളും പൂർത്തീകരിക്കുന്നു. അച്ഛനെ കൊല്ലാൻ പോലും മടിക്കാത്ത ചില കുട്ടികളുമുണ്ട്. ഇവിടെ നിങ്ങൾക്ക് വളരെയധികം പ്രിയപ്പെട്ട കുട്ടികളായി മാറണം ആർക്കും ദുഖം നൽകരുത്. ദയാമനസ്കരായ കുട്ടികളുടെ ഹൃദയത്തിലുണ്ടാകും, നമുക്ക് ഗ്രാമ-ഗ്രാമങ്ങളിൽ പോയി സേവനം ചെയ്യണം. ഇന്നത്തെക്കാലത്ത് പാവങ്ങൾ വളരെ ദു:ഖികളാണ്. അവർക്ക് പോയി ഈ സന്തോഷവാർത്ത കേൾപ്പിച്ചു കൊടുക്കൂ വിശ്വത്തിൽ പവിത്രത, സുഖം, ശാന്തി എന്നിവയുടെ ദൈവീക സ്വരാജ്യം സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്, ഇത് അതേ മഹാഭാരതയുദ്ധമാണ്. 5000 വർഷം മുമ്പും ബാബ വന്നിരുന്നു, ഇപ്പോഴും ബാബ വന്നിരിക്കുകയാണ്. നിങ്ങൾക്കറിയാം ബാബ നമ്മെ പുരുഷോത്തമരാക്കുകയാണ്. ഇതാണ് പുരുഷോത്തമ സംഗമയുഗം. നമ്മൾ എങ്ങനെ പുരുഷോത്തമരായി മാറുന്നു എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. നിങ്ങളുടെ ലക്ഷ്യം എന്താണെന്ന് നിങ്ങളോട് പലരും ചോദിക്കാറുണ്ട്. പറയൂ, മനുഷ്യനിൽ നിന്നും ദേവതയായി മാറുക എന്നതാണ് ലക്ഷ്യം. ദേവതകൾ പ്രസിദ്ധമാണ്. ബാബ പറയുന്നു ദേവതകളുടെ ഭക്തർക്ക് പോയി മനസ്സിലാക്കിക്കൊടുക്കൂ. ആദ്യമാദ്യം നിങ്ങളാണ് ശിവഭക്തി ആരംഭിച്ചത് പിന്നീട് ദേവതകളുടെ ഭക്തി ചെയ്തു. അപ്പോൾ ആദ്യം ശിവബാബയുടെ ഭക്തർക്ക് മനസ്സിലാക്കിക്കൊടുക്കണം. അവരോട് പറയണം ശിവബാബ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ.... ശിവന്റെ പൂജ ചെയ്യുന്നുണ്ട് പക്ഷെ ബാബ പതിതപാവനനാണെന്ന് ബുദ്ധിയിലില്ല. ഭക്തി മാർഗ്ഗത്തിൽ നോക്കൂ എത്ര ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. ശിവലിംഗത്തെ വീട്ടിൽ വച്ച് പൂജിക്കാനും സാധിക്കും, പിന്നെ അമരനാഥിലേക്കും,

ബദരീനാഥിലേക്കുമെല്ലാം പോകേണ്ട ആവശ്യമെന്താണ്. പക്ഷെ ഭക്തി മാർഗ്ഗത്തിൽ മനുഷ്യർക്ക് ബുദ്ധിമുട്ട് അനുഭവിച്ചേ മതിയാകൂ. ബാബ നിങ്ങളെ അതിൽനിന്നും മുക്തമാക്കുകയാണ്. നിങ്ങൾ ശിവശക്തികളാണ്, ശിവന്റെ കുട്ടികളാണ്. നിങ്ങൾ ബാബയിൽ നിന്നും ശക്തി എടുക്കുന്നു. അതും ഓർമ്മയിലൂടെ മാത്രമേ ലഭിക്കൂ. ഓർമ്മയിലൂടെ തന്നെയാണ് വികർമ്മവും നശിക്കുന്നത്. ബാബ പതിതപാവനനല്ലേ. ഓർമ്മയിലൂടെ തന്നെയാണ് നിങ്ങൾ വികർമ്മാജീത്തും, പാവനവുമാകുന്നത്. എല്ലാവർക്കും ഈ വഴി പറഞ്ഞു കൊടുക്കണം. നിങ്ങൾ ഇപ്പോൾ രാമന്റേതായി മാറിക്കഴിഞ്ഞു. രാമരാജ്യത്തിൽ സുഖവും, രാവണരാജ്യ ത്തിൽ ദു:ഖവുമാണ്. ഭാരതത്തിൽത്തന്നെയാണ് എല്ലാ ദേവതകളുടേയും ചിത്രമുള്ളത്, അവർക്കാണ് ധാരാളം പൂജ ലഭിക്കുന്നതും. ഒരുപാട് ക്ഷേത്രങ്ങളുണ്ട്. ചിലർ ഹനുമാന്റെ പൂജാരിയാണ് ചിലർ വേറെ പലരുടേയും. ഇതിനെയാണ് അന്ധവിശ്വാസം എന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മളും അന്ധരായിരുന്നു. ബ്രഹ്മാ– വിഷ്ണു– ശങ്കരന്മാർ ആരാണ്, എന്താണ് എന്നതുപോലും അറിയുമായിരുന്നില്ല. പൂജ്യരായിരുന്നവർ തന്നെ പൂജാരികളായി മാറി. സത്യയുഗത്തിൽ പൂജ്യരായിരുന്നു ഇവിടെ പൂജാരികൾ. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾക്കറിയാം സത്യയുഗത്തിൽ പൂജ്യരാണ്. ഇവിടെ പൂജാരികളായതുകൊണ്ടാണ് പൂജിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ ശിവശക്തികളാണ്. ഇപ്പോൾ നിങ്ങൾ പൂജ്യരുമല്ല, പൂജാരിയുമല്ല. ഒരിക്കലും ബാബയെ മറക്കരുത്. ഈ സാധാരണ ശരീരത്തിലേക്കാണ് ഉയർന്നതിലും ഉയർന്ന ഭഗവാൻ വരുന്നത്. നിങ്ങളല്ലേ ബാബയെ ഇങ്ങോട്ട് ക്ഷണിച്ചത്– ബാബാ വരൂ, ഞങ്ങൾ വളരെയധികം പതിതമായിരിക്കുന്നു... പഴയ പതിത ലോകത്തിലേക്ക് പതിത ശരീരത്തിലേക്ക് വന്ന് ഞങ്ങളെ പാവനമാക്കൂ... ..കുട്ടികളാണ് ബാബയെ ഇങ്ങോട്ട് ക്ഷണിക്കുന്നത്. ഇവിടെ ആരും തന്നെ പാവനമല്ല. തീർച്ചയായും ബാബ എല്ലാ പതിതരെയും പാവനമാക്കി തിരികെ കൊണ്ടുപോകുമല്ലോ. അപ്പോൾ എല്ലാവർക്കും ശരീരം ഉപേക്ഷിക്കണം. മനുഷ്യർ ശരീരം ഉപേക്ഷിക്കുമ്പോൾ എത്രയാണ് നിലവിളിക്കുന്നത്. പക്ഷെ നിങ്ങൾ സന്തോഷത്തോടെ പോകുന്നു. ആരാണ് ഏറ്റവും കൂടുതൽ ബാബയെ ഓർമ്മിക്കുന്നത് എന്ന കാര്യത്തിൽ നിങ്ങൾ ആത്മാക്കൾ മത്സരിക്കണം. ശിവബാബയുടെ ഓർമ്മയിൽ ഇരിക്കുമ്പോൾ തന്നെ ശരീരം ഉപേക്ഷിക്കുകയണെങ്കിൽ അഹോ സൗഭാഗ്യം. തോണി മറുകര കടക്കും. എല്ലാവരോടും ഈ രീതിയിൽ പുരുഷാർത്ഥം ചെയ്യാനാണ് ബാബ പറയുന്നത്. ചില സന്യാസിമാരും ഇങ്ങനെയാണ്. ബ്രഹ്മത്തിൽ പോയി ലയിക്കുന്നതിനായി അഭ്യസിക്കുന്നു. പിന്നീട് അവസാനം ഇതുപോലെ ഇരിക്കെത്തന്നെ ശരീരം ഉപേക്ഷിക്കുന്നു. ചുറ്റുപാടും ശാന്തി വ്യാപിക്കുന്നു.

സുഖത്തിന്റെ നാളുകൾ വീണ്ടും വരും. ഇതിനു വേണ്ടിയുള്ള പുരുഷാർത്ഥമാണ് നിങ്ങൾ ചെയ്യുന്നത്. ബാബാ ഞങ്ങൾ അങ്ങയുടെ അടുത്തേക്ക് വരികയാണ്, ഞങ്ങൾ അങ്ങയെത്തന്നെ ഓർമ്മിച്ച്–ഓർമ്മിച്ച് എപ്പോഴാണോ ആത്മാവ് പവിത്രമാകുന്നത് അപ്പോൾ അങ്ങ് ഞങ്ങളെ കൂടെ കൊണ്ടുപോകും. മുമ്പ് കാശി കൽവട്ടിൽ എടുത്ത് ചാടുമ്പോൾ വളരെ പ്രേമത്തോടെ ചെയ്യുമായിരുന്നു, ഇതിലൂടെ മുക്തി പ്രാപിക്കുമെന്ന് മനസ്സിലാക്കിയിരുന്നു. ഇപ്പോൾ നിങ്ങൾ ബാബയെ ഓർമ്മിച്ച് ശാന്തിധാമത്തിലേക്ക് പോകുന്നു. നിങ്ങൾ ബാബയെ ഓർമ്മിക്കുമ്പോൾ ഈ ഓർമ്മയുടെ ബലത്തിലൂടെ പാപം നശിക്കുന്നു, ഗംഗാസ്നാനത്തിലൂടെ പാപം നശിക്കും, മുക്തി ലഭിക്കുമെന്നാണ് മറ്റുള്ളവർ മനസ്സിലാക്കുന്നത്. ഇപ്പോൾ ബാബ മനസിലാക്കിത്തരുന്നു അതിനെയൊന്നും യോഗബലമെന്ന് പറയില്ല. പാപങ്ങളുടെ ശിക്ഷ അനുഭവിച്ചനുഭവിച്ച് പിന്നീട് പോയി അടുത്ത ജന്മം എടുക്കുന്നു, അവിടെ പുതിയ പാപങ്ങളുടെ കണക്ക് ആരംഭിക്കുന്നു. കർമ്മം, അകർമ്മം, വികർമ്മം ഇവയുടെ ഗതിയും ബാബ മനസ്സിലാക്കിത്തരുന്നു. രാമരാജ്യത്തിൽ കർമ്മം അകർമ്മമായിരിക്കും, രാവണരാജ്യത്തിൽ വികർമ്മമുണ്ടാകുന്നു. സത്യയുഗത്തിൽ വികാരങ്ങൾ ഒന്നുമില്ല.

മധുര–മധുരമായ പുഷ്പങ്ങളായ കുട്ടികൾക്കറിയാം ബാബ നമുക്ക് എല്ലാ യുക്തികളും, എല്ലാ രഹസ്യങ്ങളും മനസിലാക്കിത്തരുന്നു. മുഖ്യമായ കാര്യം തന്നെയിതാണ് ബാബയെ ഓർമ്മിക്കൂ. പതിതപാവനനായ ബാബ നിങ്ങളുടെ മുന്നിൽ എത്ര വിനയത്തോടെയാണ് ഇരിക്കുന്നത്. യാതൊരു അഹങ്കാരവുമില്ല, വളരെ സാധാരണമാണ്. ബാബയും, ദാദയും കുട്ടികളുടെ സേവകരാണ്. നിങ്ങൾക്ക് രണ്ട് സേവകരാണ് ഉള്ളത്. ഉയർന്നതിലും ഉയർന്ന ശിവബാബ, പിന്നെ പ്രജാപിതാവായ ബ്രഹ്മാവ്. മറ്റുള്ള വർ ത്രിമൂർത്തി ബ്രഹ്മാവ് എന്നാണ് പറയുന്നത്. അർത്ഥം പോലും മനസ്സിലാക്കുന്നില്ല. ത്രിമൂർത്തി ബ്രഹ്മാവ് എന്തു ചെയ്യുന്നു എന്നു പോലും അറിയില്ല. ശരി !

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യസാരം-

1. സദാ ഈ നിശ്ചയം ഉണ്ടായിരിക്കണം നമ്മൾ ഈശ്വരീയ സന്താനങ്ങളാണ്, നമുക്ക് ശ്രേഷ്ഠ മതമനുസരിച്ച് ജീവിക്കണം. ആർക്കും തന്നെ ദുഖം നൽകരുത്. എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞു കൊടുക്കണം.

2. സത്പുത്രരായി മാറി ബാബയിൽ ബലിയർപ്പണമാകണം, ബാബയുടെ ഓരോ കാമനയും പൂർത്തീകരിക്കണം. എങ്ങനെയാണോ ബാപ്ദാദ വിനയശീലനും, നിരഹങ്കാരിയുമായിട്ടുള്ളത് അതുപോലെ ബാബക്ക് സമാനമാകണം.

## വരദാനം- സ്വഉന്നതിയിലൂടെ സേവനങ്ങളിൽ ഉന്നതി പ്രാപ്തമാക്കുന്ന സത്യമായ സേവാധാരിയായി ഭവിക്കട്ടെ.

സ്വഉന്നതി സേവനത്തിന്റെ ഉന്നതിയിലേക്കുള്ള വിശേഷആധാരമാണ്.സ്വഉന്നതി കുറവാണെങ്കിൽ സേവനവും കുറവായിരിക്കും.ആർക്കെങ്കിലും ജ്ഞാനം പറഞ്ഞുകൊടുക്കുന്നത് മാത്രമല്ല സേവനം,ഓരോ കർമ്മങ്ങളിലൂടെയും ശ്രേഷ്ഠകർമ്മങ്ങൾ ചെയ്യാനുള്ള പ്രേരണ നൽകുന്നതും സേവനം തന്നെയാണ്.ആരാണോ മനസാ-വാചാ- കർമ്മണാ സദാ സേവനത്തിൽ തൽപരരായി ഇരിക്കുന്നത് അവർക്ക് സേവനത്തിലൂടെ ശ്രേഷ്ഠഭാഗ്യത്തിന്റെ അനുഭവം ലഭിക്കുന്നു.സേവനങ്ങൾ എത്രയധികം ചെയ്യുന്നുവോ സ്വയം അത്രയധികം മുന്നോട്ടുപോകുന്നു.തന്റെ ശ്രേഷ്ഠകർമ്മങ്ങളിലൂടെ സേവനം ചെയ്യുന്നവർ സദാ പ്രത്യക്ഷഫലത്തെ പ്രാപ്തമാക്കിക്കൊണ്ടിരിക്കുന്നു.

## സ്ലോഗൻ- സമീപതയെ അനുഭവം ചെയ്യാനായി സങ്കൽപം, വാക്ക് ,കർമ്മം എന്നിവയെ സമാനമാക്കൂ..

**അവ്യക്ത സൂചന-ആത്മസ്ഥിതിയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ,അന്തർമുഖിയാകൂ...**
ഏകാഗ്രതയുടെ ആധാരം അന്തർമുഖതയാണ്.അന്തർമുഖതയിൽ ഇരിക്കുന്നതിലൂടെ സൂക്ഷ്മശക്തികളുടെ ലീലകളെ അനുഭവം ചെയ്യാനാകും.ആത്മസ്ഥിതിയിൽ ഇരുന്നുകൊണ്ട് ആത്മാക്കളെ ആഹ്വാനം ചെയ്യുക,ആത്മാക്കളുമായി ആത്മീയസംഭാഷണം നടത്തുക,ആത്മാക്കളുടെ സ്വഭാവസംസ്കാരങ്ങളെ പരിവർത്തനം ചെയ്യുക,ആത്മാക്കളെ ബാബയുമായി കൂട്ടിച്ചേർക്കുക ഇങ്ങിനെയുള്ള ആത്മീയലീലകളുടെ അനുഭവങ്ങൾ ചെയ്യാനാകും.